**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 515** **09-11-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; | (എ) | സോഷ്യൽ ഓഡിറ്റിംഗ് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക പുരോഗതിക്കായി കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്ന് വിശദമാക്കാമോ; | (ബി) | 60,000/- രൂപ മുതൽ 50 ലക്ഷം രൂപ വരെയുള്ള വിവിധ വരുമാനദായക പദ്ധതികളിൻമേൽ വായ്പ നൽകുന്നുണ്ട്. കൂടാതെ സാമൂഹിക ഉന്നമനത്തിനായി വിവാഹ വായ്പ, വിദ്യാഭ്യാസ വായ്പ, ഭവന വായ്പാ പദ്ധതികളും നടപ്പാക്കുന്നുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി എന്തെല്ലാം പിന്തുണയും സഹായവുമാണ് പ്രസ്തുത കോർപ്പറേഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അവരുടെ അഭിരുചിക്കും മൂലധനാവശ്യത്തിനും അനുസൃതമായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി, ലഘുവ്യവസായ യോജന, മൾട്ടിപർപ്പസ് യൂണിറ്റ് ലോൺ, സ്റ്റാർട്ട്അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി തുടങ്ങിയ വൈവിദ്ധ്യമാർന്ന വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. |
| (ഡി) | പ്രൊഫഷണൽ കോഴ്സ് പാസ്സായ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നൈപുണ്യാടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ഡി) | നിശ്ചിത പ്രൊഫഷണൽ /സാങ്കേതിക യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനോ സ്വയം തൊഴിൽ ചെയ്യുന്നതിനോ കോർപ്പറേഷൻ പരാമാവധി 5.00 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ്. കൂടാതെ കോർപ്പറേഷന്റെ മറ്റ് സ്വയംതൊഴിൽ പദ്ധതികളിലും പ്രൊഫഷണൽ കോഴ്സ് പാസ്സായവർക്ക് സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. |
| (ഇ) | സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള മഹിള സമൃദ്ധി | (ഇ) | പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരും സാമ്പത്തികമായി ഏറ്റവും |

| | | | |
|---|---|---|---|
| | യോജനയിലുൾപ്പെടുത്തി എന്തെല്ലാം സഹായങ്ങളാണ് കോർപ്പറേഷൻ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | | പിന്നോക്കാവസ്ഥയിലുള്ളവരുമായ സ്ത്രീ സംരംഭകർക്ക് ഏറ്റവും ചുരുങ്ങിയ മുതൽ മുടക്ക് ആവശ്യമുള്ള മേഖലകളിൽ സ്വന്തമായോ കൂട്ടായോ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതിയിൽ അധിഷ്ഠിതമായ മൂന്ന് സ്ത്രീ ശാക്തീകരണ പദ്ധതികൾ കോർപ്പറേഷൻ വഴി നടപ്പാക്കുന്നുണ്ട്. ഒരാൾക്ക് 60,000/- രൂപ വരെ വായ്പ നൽകുന്ന “മഹിളാ സമൃദ്ധി യോജന”, കുടുംബശ്രീ യൂണിറ്റുകൾക്ക് 5 ലക്ഷം രൂപ വരെ വായ്പ നൽകുന്ന "വനിതാ ശാക്തീകരണ പദ്ധതി", ഒരാൾക്ക് 2 ലക്ഷം രൂപ വരെ വായ്പ നൽകുന്ന " ആദിവാസി മഹിളാ സശാക്തീകരൻ യോജന" എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്. |
| (എഫ്) | വിദേശ രാജ്യങ്ങളിൽ നിന്ന് തിരികെയെത്തുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭകത്വ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നിബന്ധനകൾ വിശദമാക്കുമോ; | (എഫ്) | വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ പുന:രധിവസിപ്പിക്കുന്നതിനായി 'പ്രവാസി പുന:രധിവാസ വായ്പാ പദ്ധതി" എന്ന പേരിൽ പരമാവധി 20 ലക്ഷം രൂപ വരെ വായ്പ നൽകുന്ന ഒരു പദ്ധതി കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. അതിൽ പരമാവധി 15% വരെ ക്യാപിറ്റൽ സബ്സിഡിയായി സംസ്ഥാന സർക്കാർ സ്ഥാപനമായ "നോർക്ക റൂട്ട്സ്" നൽകുന്നതാണ്. ഇതു കൂടാതെ തിരിച്ചടവിൽ കൃത്യതയുള്ള ഗുണഭോക്താക്കൾക്ക് 3% പലിശ സബ്സിഡിയും നോർക്ക അനുവദിക്കുന്നുണ്ട്. വായ്പയുടെ പലിശ നിരക്ക് 5 ലക്ഷം രൂപ വരെ 7% ഉം അതിനു മുകളിൽ 9% ഉം ആണ്. തിരിച്ചടവ് കാലാവധി 5 വർഷവും അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയുമാണ്. |
| (ജി) | പ്രസ്തുത കോർപ്പറേഷന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ജി) | കോർപ്പറേഷന്റെ ഓഹരി മൂലധനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 49:51 എന്ന അനുപാതത്തിലാണ്. 2019-20 സാമ്പത്തിക വർഷം 5 കോടി രൂപയും 2020-21 ൽ 5.75 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ